# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1120** 11.02.2016 ൽ മറുപടിക്ക്

## സ്പെഷ്യൽ അദ്ധ്യാപകരുടെ നിയമനം

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ** | | **ശ്രീ.പി.കെ.അബ്ദു റബ്ബ്**<br>**(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| എ) സ്കൂളുകളിൽ സ്പെഷ്യൽ അദ്ധ്യാപകരെ നിയമിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; ആയത് പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) | സ്കൂളുകളിൽ റിസോഴ്സ് അധ്യാപകരെ നിയമിക്കുന്നത് കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിലാണ്. നിലവിലെ അധ്യാപക വിദ്യാർത്ഥി അനുപാതം 1:5 ആണ്. റിസോഴ്സ് അധ്യാപകർ നിയമിക്കപ്പെടുന്ന സ്കൂളുകളിൽ കുട്ടികളുടെ എണ്ണം അഞ്ചിൽ കുറവാണെങ്കിൽ മറ്റ് സ്കൂളുകളുമായി ക്ലബ്ബ് ചെയ്താണ് നിയമനം നൽകുന്നത്. ഈ ഗൈഡ്‌ലൈൻസ് പരിഷ്കരിക്കേണ്ടത് കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയമാണ്. |
| ബി) പ്രത്യേക ശ്രദ്ധ ആവശ്യമുള്ള അഞ്ചു കുട്ടികളുള്ള സ്കൂളിൽ സ്പെഷ്യൽ അദ്ധ്യാപക നിയമനം അനുവദിക്കാറുണ്ടോ; | ബി) | ഐ.ഇ.ഡി.എസ്.എസ് ഗൈഡ് ലൈൻസ് പ്രകാരം അഞ്ച് കുട്ടികളുള്ള സ്കൂളിൽ റിസോഴ്സ് അധ്യാപകരെ നിയമിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ടെങ്കിലും നിലവിലെ സാഹചര്യത്തിൽ അദ്ധ്യാപകരുടെ എണ്ണത്തിലുള്ള കുറവ് കാരണം അതിന് സാധിക്കുകയില്ല. 725 റിസോഴ്സ് അധ്യാപകരെ മാത്രമാണ് എം.എച്ച്.ആർ.ഡി അനുവദിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ വൈകല്യമുള്ള കുട്ടികൾക്ക് പരമാവധി സേവനം നൽകുക എന്ന ലക്ഷ്യത്തോടെ ഒന്ന് അല്ലെങ്കിൽ രണ്ട് സ്കൂളുകളിലായാണ് റിസോഴ്സ് അധ്യാപകരെ നിയമിച്ചിട്ടുള്ളത്. |
| സി) പ്രത്യേക ശ്രദ്ധ ആവശ്യമുള്ള കുട്ടികളെ മുഖ്യധാരയിലെത്തിക്കാൻ സ്പെഷ്യൽ സ്കൂളുകളിലല്ല സാധാരണ സ്കൂളുകളിൽ മറ്റു കുട്ടികൾക്കൊപ്പം പഠിക്കാൻ സൗകര്യം നൽകുകയാണ് വേണ്ടതെന്ന ശിപാർശ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | സാധാരണ സ്കൂളുകളിൽ സ്പെഷ്യൽ അദ്ധ്യാപകർ താൽക്കാലികാടിസ്ഥാനത്തിൽ വർഷങ്ങളായി ജോലി ചെയ്തു വരുന്ന കാര്യം ശ്രദ്ധയിലുണ്ടോ; എങ്കിൽ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അവരെ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | ഡി) | നിലവിൽ ജോലി ചെയ്യുന്ന റിസോഴ്സ് അധ്യാപകരെ ഓരോ വർഷവും കരാർ അടിസ്ഥാനത്തിലാണ് നിയമിച്ചുവരുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഭാഗമായി കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട റിസോഴ്സ് അദ്ധ്യാപകരെ സ്ഥിരപ്പെടുത്തുവാൻ പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം കഴിയില്ല |

സെക്ഷൻ ഓഫീസർ